2 (*298) സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുന്നതു തടയാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് എന്തെല്ലാം ചട്ടങ്ങളാണ് നിലവിലുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് സർക്കാർ വാഹനങ്ങൾ സ്വകാര്യയാത്രയ്ക്കായി ഉപയോഗിക്കുന്ന പ്രവണത വ്യാപകമാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ഡി) ഞായറാഴ്ച ദിവസങ്ങളിലും മറ്റവധി ദിവസങ്ങളിലുമാണ് സർക്കാർ വാഹനങ്ങൾ സ്വകാര്യാവശ്യത്തിനായി കൂടുതലായി ഉപയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉന്നത ഉദ്യോഗസ്ഥരുടെ മക്കളുടെ വിദ്യാഭ്യാസം, ക്ഷേത്രദർശനം, ബന്ധുക്കളുടെ ക്ഷേമാന്വേഷണം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ സർക്കാർ വാഹനങ്ങൾ ഇപ്രകാരം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സർക്കാർ വാഹനങ്ങൾ ജീവനക്കാർക്ക് സ്വകാര്യ ആവശ്യത്തിന് ഉന്നതാധികാരികളുടെ അനുവാദത്തോടെ ഉപയോഗിക്കാവുന്നതാണ്. ഇതിന് 18.8.1998 ലെ സർക്കാർ ഉത്തരവ് 54/98/ ധനം ഇപ്രകാരം കിലോമീറ്ററിന് രണ്ടര രൂപ നിരക്കിൽ വാടക ഈടാക്കാവുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ)&(എഫ്) ഉണ്ടായേക്കാം. ഇത് രേഖാമൂലം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ കൂടുതൽ കർശനമാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. എ. അലി ഹസ്സൻ : സർക്കാർ ഉദ്യോഗസ്ഥന്മാർ വീട്ടിൽനിന്നും ഓഫീസിലേക്ക് വരുന്നതിനും തിരിച്ച് വീട്ടിൽ പോകുന്നതിനും സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാൻ വ്യവസ്ഥയുണ്ടോ; ഉപയോഗിക്കാൻ വ്യവസ്ഥയില്ലായെങ്കിൽ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : ആരെയും ഒഴിവാക്കിയിട്ടില്ല. വീട്ടിൽ പോകുന്നതിനുവേണ്ടി ഉപയോഗിക്കാനും പാടില്ല. അതാണ് സിസ്റ്റം.

ശ്രീ. എ. അലി ഹസ്സൻ : ഡീസലിന്റെയും മറ്റും വില വർദ്ധിച്ചുവരുന്ന ഈ സന്ദർഭത്തിൽ ടാക്സി കാറിനുപോലും കിലോമീറ്ററിന് 10 രൂപ വാടക ഈടാക്കാറുണ്ട്. ആ സ്ഥിതിക്ക് രണ്ടു രൂപ അൻപത് പൈസ എന്നുള്ളത് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : തീരുമാനിച്ചിട്ടില്ല.

ശ്രീ. ജി. സുധാകരൻ : തപാൽ, പാഴ്സൽ തുടങ്ങിയവ കൊണ്ടുപോകുന്നതിന് ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാമെന്ന് വ്യവസ്ഥയുണ്ടോ; ഇത്തരം സാധനങ്ങൾ കൊണ്ടുപോകുന്നതിന് നിലവിലുള്ള ഔദ്യോഗിക ചട്ടങ്ങൾ എന്താണ്?

ശ്രീ. ഇ.കെ. നായനാർ : തപാൽ, പാഴ്സൽ തുടങ്ങിയ ചെറിയ സാധനങ്ങൾ കൊണ്ടുപോകുന്നതിന് ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാൻ പാടില്ല. അത്തരം സാധനങ്ങൾ കൊണ്ടുപോകുന്നതിന് സൈക്കിൾ തുടങ്ങിയ ഇരു ചക്രവാഹനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

ശ്രീ. ജി. സുധാകരൻ : ഔദ്യോഗിക വാഹനങ്ങൾ വിവിധ സർക്കാർ ഉദ്യോഗസ്ഥന്മാരിൽ പലരും ദുരുപയോഗം ചെയ്യുന്നതായി പരക്കെ വസ്തുതാപരമായ ആക്ഷേപം നിലനിൽക്കേ, ഈ വാഹനങ്ങൾക്ക് ഡീസൽ, പെട്രോൾ തുടങ്ങിയവ അടിക്കുന്ന ഏർപ്പാടിൽ എപ്പോഴും പെർ കിലോമീറ്ററിനുള്ള ഇതിന്റെ മൈലേജ് വളരെ കുറച്ചു കാണിക്കുന്ന സമ്പ്രദായം സാർവ്വത്രികമായി ആക്ഷേപമുണ്ടായിരിക്കേ ഇതിനെപ്പറ്റി പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടോയെന്നുള്ളത് അറിയാമോ?

ശ്രീ. ഇ.കെ. നായനാർ : വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനുവേണ്ടി വിവിധ വകുപ്പുകളിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. മിന്നൽപരിശോധന നടത്താൻ അധികാരവും നൽകിയിട്ടുണ്ട്. അങ്ങനെ ഉപയോഗിക്കുന്നവരുടെ പേരിൽ കുറ്റം കണ്ടുപിടിച്ച് നടപടിയെടുക്കും.

ശ്രീ. എ. കണാരൻ : സർ, ഈ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി വിവിധ വകുപ്പുകളിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയും മിന്നൽ പരിശോധന നടത്തുന്നതിനുള്ള അധികാരങ്ങളൊക്കെ നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി കൈക്കൊള്ളുന്നതിന് വ്യവസ്ഥ ചെയ്യുമോ?

ശ്രീ. ഇ.കെ. നായനാർ : ചെയ്യാം. വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് എല്ലാ വകുപ്പുകളും പ്രത്യേകിച്ച് ധനകാര്യ പരിശോധനാ വിഭാഗം മിന്നൽ പരിശോധന നടത്തി, ദുരുപയോഗം തടയേണ്ടതാണെന്ന് സർക്കുലർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പിഴവ് വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

ശ്രീ. എ. കണാരൻ : സർ, സംസ്ഥാനത്ത് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ ഇന്നുള്ള വ്യവസ്ഥകൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ? സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ കൂടുതൽ ഫലപ്രദമായ നടപടികൾ ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : സംസ്ഥാനത്ത് ഒട്ടാകെ സർക്കാർ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും ഇപ്പോഴുള്ള സംവിധാനം ഫലപ്രദമാണെന്ന് അഭിപ്രായമില്ല. എങ്കിൽപ്പോലും ധനകാര്യ പരിശോധനാ വിഭാഗം ഓഫീസുകൾ പരിശോധിക്കുന്നവേളയിൽ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ ധനകാര്യ പരിശോധനാ വിഭാഗം ഒരു ഊർജ്ജിത പരിപാടി ആസൂത്രണം ചെയ്തു വരുകയാണ്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യ ആവശ്യത്തിനായി ഉന്നത മേലധികാരികളുടെ അനുമതിയോടുകൂടി വാഹനങ്ങൾ ഓടിക്കാവുന്നതാണ് എന്ന് അങ്ങ് പറഞ്ഞു. അങ്ങനെ അത്തരത്തിലൊരു സാംഗ്ഷനോടുകൂടി എത്ര കിലോമീറ്റർ ആണ് വാഹനങ്ങൾ ഓടിച്ചിട്ടുള്ളത് എന്ന കണക്ക് ഗവണ്മെന്റ് എടുത്തിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേകം ചോദ്യം വേണം.

ശ്രീ. എം.വി. ജയരാജൻ : തന്ന മറുപടിയിൽ വ്യക്തമാക്കിയത് ഈ സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ അപര്യാപ്തമാണ് എന്നുള്ളതാണ്. വളരെ മുമ്പ് തയ്യാറാക്കിയതാണ് ഈ വ്യവസ്ഥകൾ. ഈ വ്യവസ്ഥകൾ മാറ്റുന്നതിലേയ്ക്കുവേണ്ടിയിട്ട് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : അതിനെപ്പറ്റി ആക്ഷേപം കിട്ടിയാൽ വ്യവസ്ഥ മാറ്റാം.

ശ്രീ. എം.വി. ജയരാജൻ : സർ, സർക്കാർ വാഹനം ദുരുപയോഗം ചെയ്യുന്നതിന്റെ പേരിൽ ആരുടെയെങ്കിലും പേർക്ക് എന്തെങ്കിലും നടപടി ഇതിനകം ഗവണ്മെന്റ് എടുത്തിട്ടുണ്ടോ? എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. ഇ.കെ. നായനാർ : നടപടി എടുത്ത ഒരു രേഖയും ഇവിടെയില്ല.

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്തെ ജനപ്രതിനിധികളും അതുപോലെതന്നെ പോലീസ് ഉദ്യോഗസ്ഥന്മാരും ഉൾപ്പെടെയുള്ള ആളുകൾ വിവിധ കോർപ്പറേഷനുകൾ, ഇവരുടെ വാഹനങ്ങളുടെ മുകളിൽ ചുവന്ന ലൈറ്റ് വയ്ക്കുന്നതിനും അതുപോലെ ചുവന്ന സ്റ്റേറ്റ് ബോർഡ് വയ്ക്കുന്നതിനും പല ഉദ്യോഗസ്ഥന്മാർക്കും വിലക്ക് കൽപ്പിച്ചുകൊണ്ട് ഗവണ്മെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടായിരുന്നു. എങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ എല്ലാം ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് ഇപ്പോഴും സ്റ്റേറ്റ് ബോർഡും അതുപോലെതന്നെ ചുവന്ന ലൈറ്റും വയ്ക്കുന്നുണ്ട്. ഇക്കാര്യങ്ങൾ ഗവണ്മന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : അക്കാര്യത്തെക്കുറിച്ച് ചില ആക്ഷേപം ഓറലായിട്ട് വന്നുവെന്നേയുള്ളൂ. രേഖാമൂലം വന്നിട്ടില്ല. എന്നാൽ ഒന്ന് തീർച്ചയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് ഒരു പവർ ആയി കണക്കാക്കുന്നു. ഇത് ഇവന്റെയൊരു പ്രമാണിത്വമാണ്. തീർച്ചയായും അത് ശരിയല്ല. അതിന് ചില നിബന്ധനകൾ കൊടുത്തിട്ടുണ്ട്. പുതിയ ഓർഡറിൽ നിബന്ധനകൾ ചുരുക്കി കുറിച്ചിട്ടുമുണ്ട്. അതും കൂട്ടാക്കാതെ ചിലർ വയ്ക്കുന്നുണ്ടാകും. ഉണ്ടാവുകയില്ലാ എന്നൊന്നും ഞാൻ പറയുകയില്ല. പക്ഷേ അതിനെപ്പറ്റി രേഖാമൂലം പരാതി കിട്ടിയാൽ നടപടി എടുക്കും. അത് പാടില്ല.
1062/2010.

അതൊരു പവറൊന്നുമല്ല. അതു കണ്ടാൽ തോന്നും ഇവന്റെ ഒരു വലിയ പ്രമാണിത്വമാണെന്ന്. ഒരു പ്രമാണിത്വവുമില്ല. അങ്ങനെയാണിപ്പോൾ. സാധാരണ ഇത് വച്ചാൽ വലിയ പ്രമാണിയായി എന്നാണ് ധാരണ. ഒരു പ്രമാണ്യവുമാവുല്ല. ആളു വില കല്ലുവിലയാണ് അത്രയേയുള്ളൂ. അല്ലാതെ ഈ ബൾബ് വച്ചതുകൊണ്ട് വലിയ പ്രമാണിയാവില്ല. എനിക്കു തന്നെ ഒരു അസൗകര്യമായി തോന്നിയിരിക്കുകയാണ് ഈ ബൾബ്. അതുകൊണ്ട് ദയവു ചെയ്ത് ഇതിനെപ്പറ്റി ആക്ഷേപം കിട്ടിയാൽ നിയമവിരുദ്ധമായി വയ്ക്കുന്നവരുടെ പേരിൽ നടപടി എടുക്കും എന്നുള്ളതിൽ ഒരു സംശയവുമില്ല. ഇതിൽ ഒരുപ്രമാണിത്വവുമില്ല എന്ന് ആദ്യം മനുഷ്യനെ ബോദ്ധ്യപ്പെടുത്തണം. ബൾബ് ഇങ്ങനെ വച്ചാൽ വലിയ പ്രമാണിയായി എന്നാണ് ധാരണ.

മി. സ്പീക്കർ : ഇത് ഗവണ്മെന്റ് തന്നെ പുനഃപരിശോധിച്ചിട്ട് ഒരുപുതിയ ഓർഡർ ഇറക്കിയിട്ടുണ്ട്. അത് നടപ്പിലാക്കിയാൽ മതി. അത് കർശനമായി നടപ്പാക്കുക.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഈ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ചർച്ചചെയ്യുമ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെ അറിയാവുന്ന ഒരു സ്ഥാപനമാണ് മാങ്ങാട്ടുപറമ്പിലെ സ്മിത്തി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. അവിടെ വർഷങ്ങളായിട്ട് പത്തിരുപത് വാഹനങ്ങൾ കൊണ്ടുപോയിട്ട് റിപ്പയർ ചെയ്യാൻ വച്ചിരിക്കുകയാണ്. എടുത്തുകൊണ്ടു പോകുന്നില്ല. അപ്പോൾ എവിടെയാണ് ഈ വാഹനങ്ങൾ ഉള്ളത്. ഈ വാഹനത്തിന് എന്താണ് സംഭവിച്ചതെന്ന് കഴിഞ്ഞ കുറെവർഷങ്ങളായിട്ട് മനസ്സിലാക്കാനുള്ള ഒരു സംവിധാനവും നമുക്കില്ല. മൂന്നാല് കൊല്ലമായിട്ട് അവിടെ റിപ്പയർ ചെയ്യാൻ കൊണ്ടുപോയിട്ടുള്ള വാഹനങ്ങൾ തിരിച്ച് കൊണ്ടു പോകുന്നില്ല, സ്മിത്തിയുടെ സ്ഥലസൗകര്യം തന്നെ പരിമിതമാണ്. ആ സ്ഥലസൗകര്യക്കുറവിനിടയിൽ ഈ വാഹനങ്ങളും കൊണ്ടു വച്ചിരിക്കുകയാണ്. റിപ്പയർ ചെയ്തതിന് പൈസയും കൊടുക്കുന്നില്ല. കൊണ്ടുപോകുകയും ചെയ്യുന്നില്ല. അപ്പോൾ യാതൊരു കാര്യക്ഷമതയും ഈ കാര്യത്തിൽ ഉണ്ടാകുന്നില്ല എന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട പ്രശ്നം. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതിനെപ്പറ്റി പ്രത്യേകം എഴുതിത്തന്നാൽ പരിശോധിക്കും. ഇപ്പോൾ അത് മാത്രമല്ല. ഇപ്പോൾ എക്സൈസ് പിടിച്ചാലും വാഹനം വയ്ക്കലാണ് പണി. എക്സൈസിന്റെ ആളുകൾ കുറ്റകരമായിട്ട് കള്ളോ അല്ലെങ്കിൽ അരാക്കോ കൊണ്ടുവന്നാൽ അതിന്റെ വാഹനങ്ങൾ അവിടെ കൊണ്ടിടും. തീർച്ചയായിട്ടും അതിനെപ്പറ്റി പ്രത്യേകം എഴുതിത്തന്നാൽ നടപടി എടുക്കാം.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് സർക്കാർ വാഹനങ്ങൾ ദുരുപയോഗം നടത്തുന്നത് സംബന്ധിച്ച് നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കി ഈ സഭയ്ക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ ഗവണ്മെന്റ് സ്വീകരിക്കാൻ പോകുന്നതായിട്ട് അറിയുന്നു. ആ റിപ്പോർട്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, അതിന്റെ റിപ്പോർട്ട് ഞങ്ങൾക്ക് കിട്ടിയിട്ടില്ല. ഇന്നലെയൊക്കെ അന്വേഷിച്ചു, അത് കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാന് ആക്ഷൻ എടുത്തുകൊണ്ടുള്ള റിപ്പോർട്ടുകൾ നേരിട്ട് കിട്ടും. പൊടുന്നനെ ചോദിച്ചാൽ മുഖ്യമന്ത്രിക്ക് മറുപടി പറയാൻ പറ്റുമോ?

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്ത് റവന്യൂ ചെലവുകൾ അമിതമായി വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ എല്ലാ തരം ചെലവുകളും ചുരുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ, കോർപ്പറേഷനുകൾ, ബോർഡുകൾ ഇതിന്റെ വകുപ്പ് മേധാവികൾ നമ്മുടെ ഗവണ്മെന്റ് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാഹനങ്ങൾ പോലീസ്, എക്സൈസ്, തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ ഒഴികെ വാഹനങ്ങൾ പിൻവലിച്ച് അതിന് പകരമായി ഒരു മന്ത്രി ട്രാൻസ്പോർട്ടിംഗ് അലവൻസ് എർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റ് ഗൗരവ പൂർവ്വം പരിഗണിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പോലീസിന്റേത് പിൻവലിക്കാൻ പറ്റുകയില്ല. ആ അഭിപ്രായത്തോട് യോജിപ്പില്ല. പോലീസിന് ആവശ്യമായ വാഹനങ്ങൾ തന്നെ ഇപ്പോൾ ഇല്ല. പോലീസ് ഒഴികെ ഒരു സജഷൻ തന്നാൽ ആലോചിക്കാം.

മി. സ്പീക്കർ : ഈ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗത്തിൽ പ്രധാനപ്പെട്ട ഒരു സംഗതി അതിന്റെ കേടുപാടുകൾ തീർക്കുന്നതാണ്. കോടിക്കണക്കിനു രൂപ സർക്കാർ ഖജനാവിന് നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ച് ഒരു ബദൽ സംവിധാനം ഉണ്ടാക്കാൻ നടപടി എടുത്തുകൂടേ?

ശ്രീ. ഇ.കെ. നായനാർ : പണ്ടുകാലത്ത് തുടർന്നുവന്നത് ഇപ്പോഴും തുടരുകയാണ്. അത് മാറ്റണമെന്നുള്ളതാണ്. ഇപ്പോൾ അതിന്റെ പിന്നിൽ കൈക്കൂലി ഉണ്ടോ എന്നൊന്നും എനിക്ക് അറിയില്ല.

മി. സ്പീക്കർ : വലിയ വെട്ടിപ്പാണ് നടക്കുന്നത്.

ശ്രീ. ഇ.കെ. നായനാർ : അത് എനിക്കറിയില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 299

3 (*299) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ഓർഗ്വി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സായ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly